# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3647. 25.06.2013 ൽ മറുപടിയ്ക്ക്.

ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ്

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഓട്ടോറിക്ഷ ഡ്രൈവർമാർ മീറ്റർ പ്രവർത്തിപ്പിക്കാതെയും, അമിത കൂലി ഈടാക്കിയും യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് അംഗീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിനും, ഓട്ടോറിക്ഷകളിൽ മീറ്റർ ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, മലപ്പുറം, കോഴിക്കോട് റൂറൽ, കണ്ണൂർ, എന്നിവിടങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽകാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓട്ടോറിക്ഷകളിൽ ബില്ലിംഗ് മെഷീനോടു കൂടിയ ഫെയർ മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.